(ബി) 2001 മേയ് മാസത്തിന് ശേഷം എത്ര ഉടമകളിൽനിന്നും സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) സ്ഥലമേറ്റെടുക്കലിനെതിരെ നിലവിൽ എത്ര കേസ്സുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കോടതിക്ക് പുറത്തുള്ള ചർച്ചകളിലൂടെ എത്ര കേസ്സുകൾക്ക് പരിഹാരം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) 2001 മേയ് മാസത്തിന് ശേഷം വിമാനത്താവള വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) സർവ്വീസ് നടത്താൻ അനുമതി ചോദിച്ച ഏതെങ്കിലും വിമാന കമ്പനികൾക്ക് അവസരം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒന്നാം ഘട്ടത്തിന് ആവശ്യമായ 27 ഏക്കറിൽ 26,53,000 ഏക്കർ എടുത്തുകഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ ആവശ്യമായ 120 ഏക്കർ സ്ഥലത്തിന്റെ 4 (1) 6 (1)-ന്റെയും ഗസറ്റ് വിജ്ഞാപനത്തിനുള്ള നടപടികൾ പുരോഗതിയായി വരുന്നു.

(ബി) 29-6-2004 വരെ 251.

(സി) രണ്ട്.

(ഡി) കോടതി കേസ്സുകൾ കോടതിക്ക് പുറത്തുള്ള ചർച്ചകളിലൂടെ പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ എടുത്തിട്ടില്ല.

(ഇ) സ്വീകരിച്ച നടപടികൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

(എഫ്) സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളും ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടിയും

179 [882] ശ്രീ. ബിനോയ് വിശ്വം:

" പി. നാരായണൻ:

" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ ഗാർഹിക വ്യാവസായിക, വ്യാപാര, ഹൈടെൻഷൻ ഉപഭോക്താക്കൾ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

† അനുബന്ധം XIX കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ ഓരോ വിഭാഗവും ഒരു വർഷത്തിൽ എത്ര യൂണിറ്റ് വൈദ്യുതി വീതം ഉപയോഗിക്കുന്നുണ്ടെന്നും എത്ര തുക വീതം വൈദ്യുതി ചാർജ്ജായി നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ വിഭാഗങ്ങളിലോരോന്നിലും ബോർഡിന് വൈദ്യുതി ചാർജ്ജിനത്തിൽ എന്തെങ്കിലും കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ടോ; എങ്കിൽ അത് എത്ര വീതമാണെന്നും അറിയിക്കാമോ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾക്ക് പകരം അധിക ചെലവ് വരുന്ന ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ഗാർഹിക ഇലക്ട്രോണിക് മീറ്ററിന്റെ വിലയെത്രയാണെന്നും അത് ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത മീറ്ററുകൾ സ്ഥാപിക്കുന്നത് വൈദ്യുതി ബോർഡ് ജീവനക്കാരനാണോ അതോ പുറത്തുള്ള കരാർ ജോലിക്കാരാണോ എന്ന് അറിയിക്കാമോ;

(ജി) കേടായതോ പ്രവർത്തനക്ഷമത കുറഞ്ഞതോ ആയ ഇലക്ട്രോ മെക്കാനിക്കൽ മീറ്റർ മാത്രം മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ ഇലക്ട്രിക്കൽ ഉപഭോക്താക്കളുടെ സമ്മതത്തോടെ മാത്രം സ്ഥാപിക്കുന്ന കാര്യം സർക്കാർ നടപ്പിലാക്കുമോ;

(എച്ച്) ഇക്കാര്യത്തിൽ സർക്കാരിന്റെ അന്തിമ തീരുമാനം ഉണ്ടാകുന്നതു വരെ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്ന നടപടി നിർത്തിവയ്ക്കുവാൻ കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കൾ .. 57,54,766
വ്യാവസായിക ഉപഭോക്താക്കൾ (എൽ.റ്റി.) .. 1,07,228
വ്യാപാര ഉപഭോക്താക്കൾ .. 10,36,781

എച്ച്.റ്റി. വിഭാഗം

ഗാർഹികം .. 1
വ്യാവസായികം .. 744
വ്യാപാരം .. 595

(ബി)

| *വിഭാഗം* | *ഉപയോഗിക്കുന്ന വൈദ്യുതി (ദശലക്ഷം യൂണിറ്റ്)* | *ലഭിക്കുന്ന തുക (കോടി)* |
|---|---|---|
| ഗാർഹികം | 5505 | 585 |
| വ്യാവസായികം (എൽ. റ്റി.) | 1027 | 296 |
| വ്യാപാരം | 1622 | 733 |



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എച്ച്.റ്റി. വിഭാഗം

| | ഉപയോഗിക്കുന്ന വൈദ്യുതി | | ലഭിച്ച തുക (കോടി) |
|---|---|---|---|
| ഗാർഹികം | 1,80,332 | യൂണിറ്റ് | 0.08 |
| വ്യാവസായികം | 96.93 | Mu | 391.06 |
| വ്യാപാരം | 30.05 | Mu | 147.41 |

(സി) ഉണ്ട്.

| വിഭാഗം | തുക |
|---|---|
| ഗാർഹികം | 27,65,02,893 |
| വ്യാവസായികം | 47,28,09,806 |
| വ്യാപാരം | 65,14,97,426 |

എച്ച്. റ്റി. വിഭാഗം

| | | | |
|---|---|---|---|
| ഗാർഹികം | .. | 14.67 | കോടി |
| വ്യാവസായികം | .. | 213.85 | കോടി |

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരമാണ് പ്രസ്തുത നടപടി കൈക്കൊണ്ടുവരുന്നത്. മുൻകാലങ്ങളിൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിരുന്ന ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ നേരിയ തോതിലുള്ള വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തുവാൻ പര്യാപ്തമായിരുന്നില്ല. എന്നാൽ ഇലക്ട്രോണിക് മീറ്ററുകൾ കൃത്യമായി വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തുന്നതുമൂലം മുൻകാലങ്ങളിൽ രേഖപ്പെടുത്താൻ സാദ്ധ്യതയില്ലാതിരുന്ന വൈദ്യുതി ഉപഭോഗം കൂടി മീറ്ററിൽ വരുന്നു.

(ഇ)

| | കമ്പനി | | വില |
|---|---|---|---|
| 1. | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം | .. | 209 രൂപ |
| 2. | ക്യാപ്പിറ്റൽ പവർ സിസ്റ്റം ലിമിറ്റഡ്, ഉത്തർപ്രദേശ് | .. | 204 രൂപ |

(എഫ്) വൈദ്യുതി ബോർഡ് ജീവനക്കാരും വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ കരാർ ജോലിക്കാരും മീറ്ററുകൾ മാറ്റി വയ്ക്കുന്നുണ്ട്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എച്ച്) പരാതിക്കാരുടെ മീറ്ററുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ മാറ്റി വയ്ക്കുന്നതിനും ഇനിയും സ്ഥാപിക്കുവാനുള്ള മീറ്ററുകൾ പരിശോധനയ്ക്കു ശേഷം സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.-ക്കു നൽകിയിട്ടുണ്ട്.